**മാടക്കത്തറ-താണിക്കുടം, കുണ്ടുകാട് ബൈപ്പാസ്സ്**

54 [3580] *ശ്രീ. എ. സി. മൊയ്തീൻ*: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ മാടക്കത്തറ-താണിക്കുടം, കുണ്ടുകാട് ബൈപ്പാസ്സ് റോഡ് നിർമ്മിക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഈ വർഷം തന്നെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കേച്ചേരി പന്നിത്തടം, അക്കിക്കാവ് ബൈപ്പാസ്സ് റോഡിന്റെ വികസനത്തിനായി കേച്ചേരി ജംഗ്ഷനിലും അക്കിക്കാവ് ജംഗ്ഷനിലും സ്ഥലമെടുപ്പ് നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇപ്രകാരം സ്ഥലമെടുപ്പ് നടത്തി പ്രസ്തുത റോഡിന്റെ പണി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

*ഉത്തരം*

(എ) ഉണ്ട്.

(ബി) നടപടിക്രമങ്ങൾ ഒന്നും പൂർത്തിയായിട്ടില്ലാത്തതിനാൽ ഈ വർഷം പണി ആരംഭിക്കുവാൻ കഴിയുകയില്ല.

(സി) & (ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

**അങ്കമാലി ടൗണിൽ ബൈപ്പാസ്**

55 [3581] *ശ്രീ. പി. ജെ. ജോയി*: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയും എം. സി. റോഡും തമ്മിൽ സന്ധിക്കുന്നതും കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ തൊട്ടടുത്ത് സ്ഥിതിചെയ്യുന്നതുമായ അങ്കമാലി ടൗണിൽ ഗതാഗത തിരക്കു ഒഴിവാക്കുന്നതിനായി ബൈപ്പാസ് നിർമ്മിക്കണമെന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 'Hindrance free land' നൽകിയാൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ പ്രസ്തുത പണി ഏറ്റെടുത്ത് നടത്താം എന്ന് ഉറപ്പ് നൽകിയിട്ടുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഭൂമി ഏറ്റെടുത്ത് നൽകിയാൽ പ്രസ്തുത പദ്ധതി നടപ്പിലാകുന്നതിന് നടപടി സ്വീകരിക്കുമോ?

*ഉത്തരം*

(എ) ഉണ്ട്.

(ബി) & (സി) വേണ്ടത്ര ഭൂമി ലഭിക്കാനുള്ള കാലതാമസമാണ് ഈ ബൈപ്പാസ് നിർമ്മാണത്തിനുള്ള പ്രധാന തടസ്സമെന്ന് കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. ഭൂമി ലഭ്യമാക്കിയാൽ ബൈപ്പാസ് നിർമ്മിക്കുന്ന കാര്യം കേന്ദ്ര ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

**തട്ടാമല സ്കൂൾ കോമ്പൗണ്ടിലെ വെള്ളക്കെട്ട് മാറ്റാൻ നടപടി**

56 [3582] *ശ്രീ. എ. എ. അസീസ്*: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തട്ടാമല ഹയർ സെക്കണ്ടറി സ്കൂൾ കോമ്പൗണ്ടിൽ മഴക്കാലത്ത് നാഷണൽ ഹൈവേയിലെ ഓടവഴി ഒഴുകിവരുന്ന മലിനജലം കയറുന്നതുമൂലം വെള്ളം കെട്ടി നിൽക്കുകയും സ്കൂളിലെ അദ്ധ്യയനം മുടങ്ങുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്കൂൾ കോമ്പൗണ്ടിൽ വെള്ളം കയറാതിരിക്കാൻ ഹൈവേ ഡിവിഷൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) ഉണ്ട്.

(ബി) തട്ടാമല സ്കൂളിന് സമീപമുള്ള നാഷണൽ ഹൈവേയുടെ വടക്ക് വശത്തുള്ള വസ്തു ഉടമകൾ ജലനിർഗമന മാർഗ്ഗം മണ്ണിട്ട് ഉയർത്തി ഒഴുക്ക് തടസ്സപ്പെടുത്തിയിരിക്കുന്നതുകൊണ്ടാണ് സ്കൂൾ പരിസരത്ത് വെള്ളക്കെട്ട് ഉണ്ടാകുന്നതെന്ന് ബോധ്യമായിട്ടുള്ളതിനാൽ ഇക്കാര്യം കൊല്ലം ആർ. ഡി. ഒ. യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

**പിടാരം ജംഗ്ഷനിൽ ഓട നിർമ്മാണം**

57 [3583] *ശ്രീ. ബി. വിജയകുമാർ*: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് പൊതുമരാമത്ത് സബ് ഡിവിഷൻ പരിധിയിലുള്ള പിടാരം-വിളവൂർക്കൽ റോഡിൽ പിടാരം ജംഗ്ഷനിൽ ഓട നിർമ്മിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly